പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4903

04.07.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖേനയുള്ള ആനുകൂല്യങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. അജിത് | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ വഴി എന്ത് തുകയുടെ ആനുകൂല്യം മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം,കോഴിക്കോട്, തൃശ്ശൂർ,കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി **49,70,20,294** രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, **NMDFC, NBCFDC** എന്നിവയിൽ നിന്നും വായ്പ എടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി **35,95,000** രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി)<br>(സി) | ഈ രീതിയിൽ കമ്മീഷൻ അനുവദിച്ച സഹായങ്ങൾ ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കിയിട്ടുണ്ടോ;<br>ഇല്ലെങ്കിൽ ആയതിനുള്ള കാരണം എന്താണെന്നും ആനുകൂല്യങ്ങൾ ഉടനെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ? | (ബി) യും (സി) യും | സഹകരണ വകുപ്പ് രജിസ്ട്രാർക്ക് അനുവദിച്ച കടാശ്വാസ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ വരവു വയ്ക്കുന്ന നടപടികൾ തുടർന്നു വരുന്നു. മത്സ്യ ഫെഡ് മാനേജിംഗ് ഡയറക്ടർക്ക് അനുവദിച്ച തുക, വായ്പാ കുടിശ്ശികയിൻമേൽ പ്രീ ആഡിറ്റിംഗ് നടത്തിയാലുടൻ തന്നെ വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ